


അനോ ജേക്കബ്

(കോർഡിനേറ്റർ - രക്തദാനം)


World Blood Donor Day ആയി ലോകമെങ്ങും ആഘോഷിക്കുന്ന ജൂൺ 14-ാം തീയതി സൽമാനിയ മെഡിക്കൽ സെൻററിൽ വച്ച് യുവജനപ്രസ്ഥാനം നടത്തിയ Blood Donation Camp-ൽ 170 ആളുകൾ രക്തം ദാനം ചെയ്തു. രക്തദാന ബോധവൽക്കരണ മത്സരങ്ങളിൽ നിരവധി ആളുകൾ പങ്കെടുക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. യുവജനപ്രസ്ഥാനത്തിൻെറ ഈ 'സേവന' ഉദ്യമത്തിൽ പങ്കാളികളായ ഏവരോടും, വിശിഷ്യാ Ministry of Health, Salmaniya Blood Bank എന്നിവരോടുമുള്ള നന്ദിയും, സ്നേഹവും അറിയിക്കുന്നു.

മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തി ദശാംബ്ദങ്ങൾ കഴിഞ്ഞിട്ടും, ശാസ്ത്ര-സാങ്കേതിക വിദ്യകൾ വളരെയധികം പുരോഗമിച്ചിട്ടും, മനുഷ്യ ജീവിതം കാലാനുസ്രതമായി യന്ത്രവൽക്കരിക്കപ്പെട്ടിട്ടും, കൃത്രിമ രക്തം (Artificial Blood [RBC]) ഉൽപ്പാദിപ്പിയ്ക്കുന്നതിനുള്ള സങ്കേതിക വിദ്യ ഇന്നേവരെ കണ്ടുപിടിയ്ക്കാൻ സാധിച്ചിട്ടില്ല എന്നുള്ള സത്യം ഈ കാലഘട്ടത്തിൽ 'രക്ത ദാന'ത്തിൻെറ പ്രാധാന്യവും, ആവിശ്യകതയും വിളിച്ചോതുന്നു.

'സ്വമേധാ രക്ത ദാനം' (Voluntary unpaid Blood Donation) വിലമതിയ്ക്കാനാകത്ത ഒരു സേവനവും, സാമൂഹിക പ്രതിബദ്ധതയുമാണ് എന്ന ചിന്ത നമുക്കേവർക്കും പ്രചോദനമാകട്ടെ എന്ന് ആശംസിയ്ക്കുന്നു.

## Favours Received



**Philip P.M**
**Dories Philip**
**Aleena Anna Philip**
**Ann Susan Philip**



*Interview*

യൂത്ത് വോയ്സ്

## അഭി. തിരുമേനിയുമായുള്ള അഭിമുഖം തുടർച്ച...........

? കേരളത്തിലെ യുവജനപ്രസ്ഥാനങ്ങളുടെ പ്രവർത്തനവും കേരളത്തിനു വെളിയിൽ പ്രത്യേകിച്ച് ഗൾഫ് നാടുകളിലെ യൂണിറ്റുകളുടെ പ്രവർത്തനവും തമ്മിലുള്ള വ്യത്യാസം പ്രസിഡന്റ് എന്ന നിലയിൽ തിരുമേനി എങ്ങനെ കാണുന്നു.

കേരളത്തിലെ യുവജന പ്രസ്ഥാനത്തിന്റെ ഒരോ തലങ്ങളിൽ പോകുമ്പോൾ അവിടെയെല്ലാം 14-18 വയസ്സ് പ്രായമുള്ള കുട്ടികളെയാണ് കാണാൻ സാധിക്കുന്നത്, നാട്ടിൽ 40 വയസ് പ്രായമുള്ളവർക്ക് വരെ പ്രസ്ഥാനത്തിൽ അംഗമാകാമെങ്കിലും 18 വയസിനു മുകളിലുള്ളവരെ കാണാറില്ല. ഭൂരിഭാഗവും പഠനകാര്യത്തിനും ജോലി ആവശ്യത്തിനുമായി മറ്റ് സ്ഥലങ്ങളിലേക്ക് പോകുന്നു. പിന്നീട് കല്യാണം കഴിച്ചവരും പ്രസ്ഥാനത്തിലേക്ക് കടന്നുവരുന്നത് കുറവായി കാണുന്നു. നാട്ടിൽ പ്രവർത്തിക്കുന്ന യുവാക്കൾക്ക് പ്രവർത്തനങ്ങൾക്കൊരു പരിധിയുണ്ട്.

അതുപോലെയല്ല നിങ്ങളെ സംബന്ധിച്ചുള്ളത്. കേരളത്തിന് വെളിയിൽ പ്രത്യേകിച്ച് ഗൾഫ് നാടുകളിലും മറ്റ് കാണുന്നത് കല്യാണം കഴിച്ചവരോ, കല്യാണം കഴിക്കുവാൻ പോകുന്നതോ ആയ സമൂഹമാണ്. മാത്രമല്ല നിങ്ങൾ സ്വന്തമായി അദ്ധ്വാനിക്കുന്നവരും കൂടിയാണ്. നിങ്ങളുടെ കഴിവുകൾ പ്രവർത്തിക്കാൻ കിട്ടുന്ന മേഖലയാണിവിടെ. അതുമല്ല ഗൾഫിലെ മിക്ക യൂണിറ്റുകളിലും വളരെയധികം പങ്കാളിത്തവും കാണുന്നു. ഇടവകയിലെ ഭരണതലങ്ങളിൽ യുവാക്കൾ പ്രവർത്തിക്കുന്നത് കാണുമ്പോൾ വളരെയധികം അഭിമാനം തോന്നുന്നു.

? **GOYC** എന്നത് വളരെയധികം ഭാരിച്ച ഒരു ചിലവുണ്ടാക്കുന്ന പ്രോഗ്രാം ആയതിനാൽ വരും വർഷങ്ങളിൽ ഏറ്റെടുത്ത് നടത്താൻ യൂണിറ്റുകൾ ഇല്ലാതെ വരുന്ന സാഹചര്യം ഉണ്ടാകാൻ സാധ്യതയുണ്ട്. എങ്ങനെ ഇതിനെ അഭിമുഖീകരിക്കുവാൻ സാധിക്കും.

**GOYC** യുടെ നടത്തിപ്പ് വളരെയധികം ഭാരിച്ച ചിലവു തന്നെയാണെന്ന് നാം മനസിലാക്കുന്നു. അതിന്റെ വെളിച്ചത്തിലാണ് 2 വർഷത്തിലൊരിക്കൽ കോൺഫറൻസ് നടത്തുവാൻ തീരുമാനിച്ചത്. അതുപോലെ തന്നെ വിസ സംബന്ധമായ ചിലവുകൾ പങ്കെടുക്കുന്ന യൂണിറ്റിൽ നിന്നും വഹിക്കുവാൻ തക്കവിധം മാറ്റങ്ങൾ വരുത്തി ഭാരിച്ച ചിലവുകളിൽ നിന്നും ഏറ്റെടുത്ത് നടത്തുന്ന യൂണിറ്റിനെ ഒഴിവാക്കി... മറ്റൊരു കാര്യം എന്നത് ഈ അറേബ്യൻ മണ്ണിൽ ചിതറിക്കിടക്കുന്ന നമ്മുടെ സഭാമക്കളായ യുവാക്കൾക്ക് കൂടി കാണുവാനുള്ള ഒരു അവസരമായി കൂടി ഇതിനെ കാണണം. ആവശ്യമില്ലാത്ത ചിലവുകൾ ഒഴിവാക്കി കോൺഫറൻസ് നില നിർത്തുവാനും, ഒപ്പം വാർത്താമാധ്യമങ്ങളിൽ കോൺഫറൻസിനെ സംബന്ധിച്ച് കുറച്ചു കൂടി പ്രാധാന്യം നൽകുവാനും ശ്രദ്ധിക്കണം.

? തൃക്കുന്നത്ത് സെമിനാരി ചാപ്പലിന്റെ താക്കോൽ തിരുമേനിയുടെ കൈവശമാണല്ലോ. ഇപ്പോൾ ചാപ്പലിന്റെ അവസ്ഥയെങ്ങനെയാണ്, പൂർണാവകാശം നമ്മളിൽ തന്നെയാണോ.

തൃക്കുന്നത്ത് സെമിനാരിയെന്നത് ഒരു മെത്രാപ്പോലീത്തായുടെ അരമനയാണ്. എല്ലാ അരമനകൾക്കും ഒരു ചാപ്പലുണ്ട്. അത് ഭദ്രാസന മെത്രാപ്പോലീത്തായുടെ സ്വകാര്യ ചാപ്പലാണ്. ഈ ചാപ്പൽ ഇടവകയാക്കുവാനും, ഇടവകയാക്കിയതിനു ശേഷം കൈവശപ്പെടുത്താനുമാണ് പാത്രിയർക്കീസ് വിഭാഗം ശ്രമിക്കുന്നത്. എന്നാൽ 2003 ലെ കീഴ്ക്കോടതി വിധി പ്രകാരം, ഈ ചാപ്പൽ ഭദ്രാസന മെത്രാപ്പോലീത്തായുടെ സ്വകാര്യ ചാപ്പൽ തന്നെയാണ്. കോടതിഭാഷയിൽ **appendage** എന്നു പറയും. ഒന്നിനോട് ചേർന്നുള്ളത് എന്നർത്ഥം. ചാപ്പൽ അരമനയുടെ **appendage** എന്നാണ് വിധി വന്നിരിക്കുന്നത്. അതുകൊണ്ട് മലങ്കര സഭയിലെ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുടെ അരമന ചാപ്പൽ തന്നെയാണ് തൃക്കുന്നത്തു ചാപ്പൽ. ഇപ്പോൾ ഞാൻ ഭദ്രാസനാധിപനായതുകൊണ്ട് താക്കോൽ നമ്മുടെ കൈവശമാണ്.

? കഴിഞ്ഞ 5 വർഷക്കാലമായി **OCYM** പ്രസിഡന്റായി തിരുമേനി സേവനം അനുഷ്ഠിക്കുന്നു. പ്രസ്ഥാനത്തിന്റെ ഉന്നമനത്തിനായി തിരുമനസിൽ എന്തെങ്കിലും പുതിയ ആശയങ്ങൾ.

എന്റെ മനസിലുള്ള പ്രതീക്ഷകൾക്കും, ആഗ്രഹങ്ങൾക്കും ഒത്തുപോകാൻ ആയില്ലെങ്കിലും യുവജനപ്രസ്ഥാനത്തിന്റെ ഇപ്പോഴുള്ള പ്രവർത്തനങ്ങളിൽ ഞാൻ സംതൃപ്തനാണ്. ഇപ്പോഴുള്ള സെക്രട്ടറിയച്ചനും ഭാരവാഹികളുമൊക്കെ തന്നെ വളരെ ക്രിയാത്മകമായി പ്രവർത്തിക്കുന്നു. മുൻഗാമികൾ അങ്ങനെയല്ലായിരുന്നു എന്നല്ല " അതിനർത്ഥം. പ്രവർത്തനത്തിനുവേണ്ടി, പ്രത്യേകിച്ച് ഫണ്ടുകളോ, സംഭാവനകളോ ഇല്ലാത്തതിനാൽ അതിന്റേതായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഉപരിവിപ്ലവമായി ഭദ്രാസനതലത്തിലുള്ള പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങാതെ കുറച്ചുകൂടി യൂണിറ്റ് തലങ്ങളിലേക്കിറങ്ങി പ്രവർത്തിക്കാൻ ശ്രമിക്കുന്നു. യുവാക്കളെ കുറച്ചുകൂടി സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുവാനും, നമ്മുടെ ആപ്തലക്ഷ്യങ്ങളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നവരാകുവാനും ശ്രമിക്കണം.



## ബിനു പാപ്പച്ചൻ

(കോർഡിനേറ്റർ - വിശുദ്ധനാട് തീർത്ഥാടനം)

അത്യാഗ്രഹത്തിന്റെയും ആഢംബരത്തിന്റെയും സംസ്കാരം അഴിമതിയ്ക്കു വേരോട്ടമാകുന്നു. അഴിമതിയും, സാമ്പത്തികമായ തട്ടിപ്പുകളും നമ്മുടെയിടയിൽ വാർത്തയല്ലാതായിരിക്കുന്നു. മാനുഷിക അതിർത്തിയിൽ മനുഷ്യൻ മാത്രമല്ല, ദൈവം സൃഷ്ടിച്ച പ്രകൃതിയും അതിന്റെ വിഭവങ്ങളും നൈസർഗിക ലാവണ്യങ്ങളും ഇല്ലാതെയായിക്കൊണ്ടിരിക്കുന്നു. ആത്മാവു നഷ്ടപ്പെട്ടാലും ലോകം നേടിയാൽമതി എന്ന് വിശ്വസിക്കുന്ന സമൂഹത്തിലെ ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ട് തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്താണ് പ്രയോജനം.

സാമൂഹിക തിൻമകളായ അഴിമതി, സ്വജനപക്ഷപാതം, ലഹരിവസ്തുക്കളുടെ ഉപയോഗം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന പീഡനങ്ങൾ ഇവയെല്ലാം മനുഷ്യസംസ്കാരത്തിനു നാശം വിതയ്ക്കുകയാണ്.

യുവസഹോദരങ്ങളെ ക്രൈസ്തവ സാക്ഷ്യം ഉൾക്കൊണ്ട് നമുക്ക് പോരാടാം. തേജസും ചുറുചുറുക്കുമുള്ള നമ്മുടെ ഈ കാലഘട്ടം തിൻമകൾക്ക് അടിമപ്പെടുത്താതെ നൻമയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ യുവാക്കൾക്കും, യുവജനപ്രസ്ഥാനങ്ങൾക്കും സാധിക്കട്ടെ എന്നാശിക്കുന്നു.

ഏവർക്കും നൻമ നിറഞ്ഞ പുതുവത്സരാശംസകൾ നേരുന്നു...........

## അഭി. തിരുമേനിയുമായുള്ള അഭിമുഖം തുടർച്ച............

? കേരളത്തിൽ ഇപ്പോൾ കണ്ടുവരുന്ന, സമരമുറകളെ കുറിച്ച് തിരുമേനിയുടെ അഭിപ്രായം.

രാഷ്ട്രീയമായിട്ടാണെങ്കിലും ആത്മീയമായിട്ടാണെങ്കിലും മൂല്യച്യുതി ഭയങ്കരമായി കാണുന്ന കാലയളവിലാണ് നാം ഇപ്പോൾ. മാധ്യമങ്ങളിൽ കാണുന്നതുപോലെ ചെറുപ്പക്കാരിലും മുതിർന്നവരിലും കുട്ടികളിലുമൊക്കെ കാണുന്ന വഴിപിഴച്ച പോക്കുകൾ. അവരെ സംബന്ധിച്ച് മാതൃകയാക്കാവുന്ന ഒരു പ്രതിബിംബം മുൻപിൽ ഇല്ലായെന്നുള്ളതാണ്. മാതൃകയാക്കേവർ ഉണ്ടെങ്കിൽ തന്നെയും, സമൂഹത്തിൽ പ്രവർത്തിക്കുന്ന ഒരുവനെ താഴ്ത്തി കെട്ടുവാനാണ് നാം പലപ്പോഴും ശ്രമിക്കുന്നത്. എന്തെങ്കിലും നല്ല പ്രവർത്തികൾ ചെയ്താൽ അഭിനന്ദിക്കുന്നതിനു പകരം മോശക്കാരനാക്കുവാനാണ് ശ്രമിക്കുന്നത്. ആ ചിന്താഗതി നമ്മളിൽ നിന്നു മാറി നല്ലത് ഉൾക്കൊള്ളുവാൻ ശ്രദ്ധിക്കണം.

നാട്ടിൽ നടക്കുന്ന പല സമരങ്ങൾക്കും ഇത്രയധികം ഒച്ചപ്പാടുകളും സന്നാഹങ്ങളും വേണ്ടായെന്ന അഭിപ്രായക്കാരനാണ് ഞാൻ. സമവായത്തിലൂടെ തീർക്കാവുന്ന പ്രശ്നങ്ങളെയുള്ളൂ. അതിനായി ശ്രമിക്കണം.

? 2007 ലും 2010 വർഷങ്ങളിലും ഗൾഫ് മേഖലകളിലെ ഏറ്റവും നല്ല യൂണിറ്റിനും, സെക്രട്ടറിയ്ക്കുമുള്ള അവാർഡുകൾ ലഭിച്ച ബഹറിൻ യൂണിറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡന്റ് എന്ന നിലയിൽ തിരുമേനിയുടെ അഭിപ്രായം.

നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് മനസിലാക്കുകയും നിങ്ങളുടെ വികാരിയച്ചന്റെ സാക്ഷ്യപ്പെടുത്തിയ രേഖകളും മറ്റും ഒരു സമിതിയെ ഉപയോഗിച്ച് പരിശോധിച്ചതിന്റെയും വെളിച്ചത്തിലാണ് അവാർഡ് നൽകിയത്.
പ്രസിഡന്റ് എന്ന നിലയിൽ രേഖകളിൽ നിന്നും മറ്റും മനസിലാക്കിയ നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവിലുപരിയായി, ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരുപറ്റം യുവാക്കൾ ഈ യൂണിറ്റിലുണ്ടെന്ന് നേരിൽ കണ്ട് മനസ്സിലാക്കുവാൻ ഇപ്പോൾ സാധിച്ചു.

നിങ്ങളുടെ എല്ലാ നല്ല പ്രവർത്തനങ്ങളെയും അനുമോദിക്കുന്നു, പ്രസ്ഥാനത്തിലെ ഏവർക്കും എല്ലാവിധമായ ആശംസകളും, അനുഗ്രഹങ്ങളും സ്വർഗത്തിലെ ദൈവം ചൊരിഞ്ഞു നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

Article



അജു റ്റി. കോശി

(കോർഡിനേറ്റർ - ലേബർ ക്യാമ്പ്)

സഹോദരങ്ങൾക്ക് വേണ്ടി.....
ദൈവതിരുനാമം മഹത്വപ്പെടട്ടെ

“മരുഭൂമിയിലെ ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് ഒരു സ്നേഹ സഞ്ചാരം” എന്ന തലകെട്ടോട് കൂടി യുവജന പ്രസ്ഥാനം ഈ വർഷം ബഹറിൻ ദേശീയ ദിനത്തിനോടനുബന്ധിച്ച് ഡിസംബർ 16 ന് നടത്തിയ ലേബർ ക്യാമ്പ് സന്ദർശനം വൻ വിജയമായതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഈ മരുഭൂമിയിൽ ചെറിയ വേതനത്തിൽ 12 മുതൽ 16 മണിക്കൂർ വരെ ജോലി ചെയ്ത് ഒറ്റ മുറിയിൽ 4 മുതൽ 6 വരെയുള്ള വിവിധ ദേശക്കാർ ഒരുമിച്ച് താമസിക്കുന്ന ഒരു ക്യാമ്പ് സന്ദർശിക്കുവാനും, ആ സഹോദരങ്ങൾക്കായ് വിവിധങ്ങളായ ഏഴിൽപരം പുതിയ വസ്ത്രങ്ങളും, പലതരത്തിലുള്ള ഏഴിൽപരം ഭക്ഷണ സാധനങ്ങളും അടങ്ങിയ കിറ്റ് നൽകുവാനും ഈ പുതിയ സംരംഭത്തിൽ കൂടി നമുക്ക് കഴിഞ്ഞു.

ഈ പ്രവർത്തനത്തിൽ ഞങ്ങളോട് സഹകരിച്ച മുഴുവൻ ഇടവക ജനങ്ങളോടുമുള്ള നന്ദി ദൈവ നാമത്തിൽ അറിയിക്കുന്നു. ഈ സ്നേഹ സഞ്ചാരത്തിൽ കൈത്താങ്ങലുകൾ നൽകിയ കത്തീഡ്രൽ വികാരി, ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, യുവജന പ്രസ്ഥാനം പ്രവർത്തകർ, ഇതിന് അൽപ്പമായോ അധികമായോ സഹായിച്ച സഹകരിച്ച എല്ലാ പ്രിയപ്പെട്ടവരോടും ഹൃദയത്തിൻെറ ഭാഷയിലുള്ള നന്ദി അറിയിക്കുന്നു.

ഈ പ്രവർത്തനത്തിന് ചുക്കാൻ പിടിക്കുവാൻ എന്നെ പ്രാപ്തനാക്കിയ ദൈവത്തെ നന്ദിയോടെ സ്മരിക്കുന്നു.

ഏവർക്കും നന്മകൾ നിറഞ്ഞ പുതുവത്സരാശംസകൾ നേരുന്നു.



Article



**ജയ്സൺ ആറ്റുവാ**

(കോർഡിനേറ്റർ - സ്നേഹദൂത്)

## “പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം”

ഒരുവന്റെ പരമാധികാരത്തിൻമേൽ അവന്റെ അനുവാദമില്ലാതെ അപരന്റെ കടന്നുകയറ്റം എന്ന് 'അധിനിവേശം' എന്നപദം കൊണ്ട് വിവക്ഷിയ്ക്കാം. അധിനിവേശത്തിന്റെ കെടുതികൾ അനുദിനം അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ് നാമിന്ന്. അഴിമതിയും അധിനിവേശവും ഒരു നാണയത്തിന്റെ രണ്ടു കിരാത മുഖങ്ങളാണെന്ന് നിസ്തർക്കം പറയുവാൻ സാധിയ്ക്കും.

“ദൈവത്തെ അറിയുന്ന നീതിമാനുണ്ടോ എന്നു കാണുവാൻ ദൈവം സ്വർഗ്ഗത്തിൽ നിന്നും നോക്കുന്നു. ഇല്ല നീതിമാൻ ഒരുത്തൻ പോലുമില്ല. എല്ലാവരും വഴിതെറ്റി വഷളത്വത്തിലേക്ക് വീണിരിക്കുന്നു. എങ്കിൽ നോഹയുടെ കാലത്ത് സംഭവിച്ചതിനേക്കാൾ ദുരിതം മനുഷ്യ സമൂഹത്തിന് നേരിടുവാൻ പോകുന്നു അവന്റെ വരവിന്റെയും ലോകാവസാനത്തിന്റെയും ലക്ഷണങ്ങൾ നാം കണ്ടു തുടങ്ങിയിരിക്കുന്നു. ജാതി ജാതിയോടും, രാജ്യം രാജ്യത്തോടും എതിർക്കുന്നു, ക്ഷാമങ്ങളും, ക്ഷോഭങ്ങളും അടിക്കടിയുണ്ടാകുന്നു. ദൈവം തന്റെ സ്വരൂപത്തിലും, സാദൃശ്യത്തിലും മെനഞ്ഞ മനുഷ്യൻ ഇന്ന് പരസ്പരം കീഴ്പ്പെടുത്തുവാൻ വെമ്പൽ കൊള്ളുന്നു.

മനുഷ്യന്റെ പാപങ്ങൾ സ്വർഗ്ഗത്തോളം എത്തി നിൽക്കുന്നു. എങ്കിൽ അവന്റെ നിലവിളി സ്വർഗ്ഗത്തോളം എത്തിയെങ്കിൽ മാത്രമെ വരാനിരിക്കുന്ന ദൈവകോപം ഒഴിവാകൂ എന്നു ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ദൈവം തന്റെ സ്വരൂപത്തിലും, സാദൃശ്യത്തിലും മെനഞ്ഞ മനുഷ്യൻ ഇന്ന് ദൈവത്തെ മറന്ന് പാപപങ്കിലമായ ലോകത്തിൽ പിശാചിന്റെ മുഖംമൂടി ധരിച്ചു ജീവിക്കുകയാണ്.
'സൃഷ്ടി സ്രഷ്ടാവിനെ വെല്ലുവിളിക്കുന്ന അവസ്ഥ' എങ്കിലും തന്റെ ഓമന പുത്രന്റെ ജീവത്യാഗത്തിലൂടെ അവനെ പറുദീസയുടെ അനുഭവത്തിലേക്കും തിരിച്ചുകൊണ്ടുവന്ന ദൈവം ഇന്ന് അവനെ നോക്കി കരയുകയാണ്. നിത്യരക്ഷയുടേയും, നിത്യജീവന്റെയും ഫലങ്ങൾ പുറപ്പെടുവിക്കേണ്ടവൻ നിത്യാനാശത്തിന്റെ വിഷക്കനികൾ ഭക്ഷിച്ചു ജീവിക്കുകയാണിന്ന്.

സമസൃഷ്ടിയുടെ ആഗ്രഹങ്ങൾക്കും, വിശ്വാസങ്ങൾക്കും, പരമാധികാരത്തിനും മേൽ അധിനിവേശം നടത്തുന്നവർക്കെതിരെ പ്രതികരിക്കാം, പ്രതിഷേധിക്കാം, അധിനിവേശത്തെ ചെറുക്കാം ചങ്കുറപ്പോടെ............

AL QANNAS SAFETY
Mob: +973 39964626
Tel. Office : +973 77001282
Fax: +973 77001291
P.O. Box: 22517
Manama, Kingdom of Bahrain
email:sirajgsc@yahoo.com

Article



## ജിബിൻ. എം. ജോൺ

(കോർഡിനേറ്റർ - കുടുംബ സംഗമം)

അസ്വസ്ഥതകളും താളപ്പിഴകളും അസമാധാനവും തിങ്ങി നിറഞ്ഞ ആധുനിക ജീവിതത്തിൽ കാരുണ്യവാനും സ്നേഹ നിധിയുമായ ദൈവത്തിങ്കലേക്കു നാം തിരിയേണ്ട കാലം അധികരിച്ചിരിക്കുന്നു.. എന്നാൽ, നമ്മിൽ പലരെയും സംബന്ധിച്ചിടത്തോളം ഇതു യാഥാർഥ്യമാകുന്നുണ്ടോ? പാപത്തിൽനിന്നു പിന്തിരിഞ്ഞു ദൈവത്തിങ്കലേക്കു മടങ്ങുന്നതിനു പകരം നാം പലപ്പോഴും പാപത്തിൽ ത്തന്നെ തുടരുകയല്ലേ? ബലഹീനമായ നമ്മുടെ മനുഷ്യപ്രകൃതി ശരിക്കും മനസിലാക്കുന്നവനാണു ദൈവം. അതുകൊണ്ടാണല്ലോ നാം പാപത്തിൽ വീണാലും അവിടുന്നു നമ്മോടു ക്ഷമിക്കുന്നത്. എന്നാൽ, പാപത്തിൽ വീണിട്ടു നാം പശ്ചാത്തപിച്ച് അവിടുത്തെ പക്കലേക്കു മടങ്ങുന്നില്ലെങ്കിൽ അതു നമ്മുടെ നാശത്തിനു കാരണമാകുമെന്നതു നാം മറക്കേണ്ട.

പാപപങ്കിലമാണ് നമ്മുടെ കഴിഞ്ഞകാല ജീവിതമെങ്കിൽ കണ്ണീരോടു കൂടിയായിരിക്കട്ടെ നാം പുറകോട്ടു തിരിഞ്ഞു നോക്കുന്നത്. അതുപോലെ ഇനി നാം മുന്നോട്ടു നോക്കുന്നതു ദൈവത്തിന്റെ കരുണയുടെ പിൻബലത്തിലുമായിരിക്കട്ടെ.
എന്നും എപ്പോഴും പാപികളോടു ക്ഷമിക്കുന്നവനാണു ദൈവം. അവിടുത്തെ ആ കാരുണ്യത്തിന്റെ ഉറവയിൽ നിന്നു നമുക്കു പങ്കു പറ്റാം. അപ്പോൾ പാപവും പാപസാഹചര്യങ്ങളും ഉപേക്ഷിച്ചു ദൈവം കാണിക്കുന്ന വഴിയേ നടക്കുവാൻ നമ്മൾ ശക്തരാകും.

പശ്ചാത്താപത്തിലൂടെയും പ്രായശ്ചിത്തത്തിലൂടെയും നമ്മുടെ നല്ല മനസ്സ് ദൈവത്തിനു നമുക്കു സമർപ്പിക്കാം. അപ്പോൾ അവിടുന്നു നമ്മുടെ പാപങ്ങൾ കഴുകി നമ്മെ മഞ്ഞു പോലെ വെണ്മയുള്ളവരാക്കിക്കൊള്ളും.



## റോബിൻ. റ്റി. വർഗീസ്

(കോർഡിനേറ്റർ - ക്രിസ്തുമസ് കേക്ക് മത്സരം)

കുരുടനായ മനുഷ്യന്റെ കണ്ണിൽ തന്റെ തുപ്പൽകൊണ്ട് ചേറുണ്ടാക്കി, പൂശിയിട്ട് യേശു അവനോട് പറഞ്ഞ വാക്കുകളാണ് നീ ചെന്ന് ശീലാഹോം കുളത്തിൽ ഇത് കഴുകിക്കളയുക. അവൻ അത് അനുസരിക്കുകയും സൗഖ്യം പ്രാപിക്കുകയും ചെയ്തു. തങ്ങളുടെ കൺമുമ്പിൽ കണ്ട അത്ഭുതപ്രവൃത്തി വിശ്വസിക്കാതെ യേശുവിനെ തള്ളിപ്പറയുന്ന പരീശൻമാരെയാണ് നാം പിന്നീട് കാണുന്നത്. ഇന്ന് നാമേവരും പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിലെ പരീശൻമാരായി പലപ്പോഴും നാം ആയിത്തീരുന്നില്ലേ.

നാം അനുഭവിച്ച് മനസ്സിലാക്കിയ പല നല്ലകാര്യങ്ങളെയും നാം തന്നെ എതിർക്കുന്ന സ്വഭാവം മാറ്റേണ്ടതല്ലേ. അടഞ്ഞിരിക്കുന്ന നമ്മുടെ കണ്ണിലെ ചേറിനെ നമുക്ക് ശീലോഹാം കുളത്തിൽ കഴുകിക്കളയാം. ഈ പുതുവത്സരം അതിന് നിദാനമായിത്തീരട്ടെ.

ഷിജി എൽസാ സജി



# തക്കാളി പച്ചടി

നോയമ്പുകാലത്ത് പാൽ ഉല്പ്പന്നങ്ങൾ ഉപയോഗിക്കുന്നവർക്ക് എളുപ്പത്തിൽ തയ്യാറാക്കാൻ പറ്റിയ വെജിറ്റേറിയൻ വിഭവം.



ചേരുവകൾ

| | | | |
|---|---|---|---|
| 1. | തക്കാളി | - | 1 |
| 2. | സവാള | - | 1 |
| 3. | പച്ചമുളക് | - | 2 (എരിവിനനുസരിച്ച്) |
| 4. | തൈര് | - | 1 കപ്പ് |
| 5. | ഉലുവപൊടി | - | ഒരു നുള്ള് |
| 6. | പഞ്ചസാര | - | 1/4 tsp |
| 7. | കറിവേപ്പില | - | ഒരു തണ്ട് |
| 8. | ഉപ്പ് | - | പാകത്തിന് |
| 9. | എണ്ണ | - | 2 tsp |
| 10. | കടുക് | - | |

തയ്യാറാക്കുന്ന വിധം

ഒരു പാനിൽ എണ്ണ ഒഴിച്ച് കടുക് പൊട്ടിച്ചു കറിവേപ്പില, സവാള ചെറുതായി അരിഞ്ഞത് എന്നിവ ചേർക്കുക. സവാള വഴന്നുവരുമ്പോൾ പച്ചമുളക് നാലായി കീറിയത്, ഉലുവപൊടി എന്നിവയും ചേർക്കുക. അതിനുശേഷം ചെറുതായി അരിഞ്ഞ തക്കാളി ചേർത്ത് വഴറ്റുക.
തക്കാളി വഴന്നതിനുശേഷം പഞ്ചസാരയും പാകത്തിന് ഉപ്പും ചേർക്കുക.
തീ നിർത്തിയതിനു ശേഷം തൈര് ചേർത്തിളക്കുക.
ചപ്പാത്തിയുടെയും ചോറിന്റെയും കൂടെ കഴിക്കാൻ പറ്റിയ വിഭവം തയ്യാർ.

* സവാള വഴറ്റുമ്പോൾ കുറച്ചു ഉപ്പ് ചേർക്കുകയാണെങ്കിൽ എളുപ്പത്തിൽ വഴന്നുകിട്ടും.

Thanks to all ..................Executive Committee - 2013

News

# പത്ര താളുകളിൽ



# ബൈബിൾ ക്വിസ്സ്

യൂത്ത് വോയ്സ്

Bible Quiz

1) ശാരോനിലെ നാല്ക്കാലികൾക്ക് ദാവീദ് മേൽവിചാരകനാക്കിയത് ആരെ ആയിരുന്നു?
2) മാർത്തോമ്മാ ഏഴാമൻ കബറടങ്ങിയിരിക്കുന്ന പള്ളി?
3) കൽക്കട്ടാ ഭദ്രാസനം നിലവിൽ വന്നത് എന്ന്?
4) സുഖാർ എന്ന നിലം ആർ ആർക്കു ദാനമായി നൽകി?
5) ദുരാത്മാവുണ്ടായിരുന്ന ഒരാളുടെ ആക്രമണമേറ്റ് നഗ്നരായ സഹോദരൻമാർ ആര്?
6) സ്ലീബാദാസ സമൂഹം സ്ഥാപിച്ചതാര്?
7) ബേർ-ലഹരി-രോയീ എന്ന വാക്കിന്റെ അർത്ഥം?
8) ക്രൈസ്തവ ലോകത്തെ ആദ്യത്തെ ഐക്കൺ ആയി കരുതപ്പെടുന്നത് എന്താണ്?
9) വി. ഗീവർഗീസ് സഹദായുടെ ഭൗതീക ശരീരം അടക്കം ചെയ്ത സ്ഥലം?
10) 1772-ൽ കാട്ടുമങ്ങാട്ട് അബ്രഹാം റമ്പാനെ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചതോടെ തുടക്കം കുറിക്കപ്പെട്ട സഭ?
11) ഐഹീക കാലത്തിനുശേഷം വീണ്ടും ഭൂമിയിൽ പ്രത്യക്ഷപ്പട്ട പ്രവാചകൻമാർ ആരെല്ലാം?
12) 2013 ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ മലയാള കവി?
13) യഹൂദാ മതസ്ഥരുടെ പ്രാമാണികമായ വിശുദ്ധ ഗ്രന്ഥം?
14) ആയൂർവേദ ചികിത്സാരീതിയുടെ ബൈബിൾ എന്നറിയപ്പെടുന്ന കൃതികൾ ഏതെല്ലാം?
15) എബ്രായ അക്ഷരമാലയുടെ ക്രമത്തിൽ ഭാഗങ്ങളുള്ള സങ്കീർത്തനം ഏത്?
16) മാർ ഗ്രീഗോറിയോസ് സ്റ്റഡിഫോറത്തിന്റെ 2013-ലെ പരുമല മാർ ഗ്രീഗോറിയോസ് അവാർഡ് നേടിയ വ്യക്തി?
17) അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ പിതാവിന്റെ പേര്?
18) ബോംബെ-അമേരിക്കൻ ഭദ്രാസനത്തിൽ നിന്നും വേർപെട്ട് പുതിയ ബോംബെ ഭദ്രാസനം നിലവിൽ വന്ന വർഷം?

## കഴിഞ്ഞ ലക്കത്തിലെ ക്വിസ് ഉത്തരങ്ങൾ

1) ദാവീദ്
2) കാർത്തിക, മകയിരം
3) ബെമിദ് ബാർ
4) യെഹസ്ക്കേൽ പ്രവാചകൻ
5) ആസ്യ
6) 12 + 2 = 14 (മനശ്ശെ, എഫ്രയീം)
7) ലഹ്മി
8) കൽദയ ജാതി
9) സങ്കീർത്തനം, ഹബക്കൂക്
10) ദ്രവ്യാഗ്രഹം
11) റാപ്പുഴ ശങ്കരൻ ആചാരി
വള്ളിക്കാട്ട് ദയറാ ബാവായുടെ ദേഹവിയോഗം
12) പറമ്പിൽ ചാണ്ടി കത്തനാർ
13) പുത്തൻ കാവിൽ കൊച്ചു തിരുമേനി
14) യുക്തി കല്പ്പതരു
15) ഹെൻറി ഫോഡ്
16) ഹജൂർ (പുത്തൻ കച്ചേരി)
17) അടൂർ ഗോപാലകൃഷ്ണൻ
18) രാജാറാം മോഹൻ റായ്
19) മെഥുശലഹ്
20) പേര് പറഞ്ഞിട്ടില്ലാത്ത സ്ത്രീ

*കഴിഞ്ഞ ലക്കത്തിലെ ക്വിസ് വിജയി*

**ശ്രീ. മോൻസി ഗീവർഗീസ്**

## നിബന്ധനകൾ

1) ഏറ്റവും കൂടുതൽ ശരി ഉത്തരം അയയ്ക്കുന്നവരിൽ നിന്നു സമ്മാനാർഹരെ കണ്ടെത്തുന്നതായിരിക്കും.
2) ഒന്നിൽ കൂടുതൽ പേർ ശരി ഉത്തരം അയച്ചാൽ നറുക്കെടുപ്പിലൂടെ വിജയിയെ തീരുമാനിക്കുന്നതായിരിക്കും.
3) യുവജനപ്രസ്ഥാനത്തിന്റെ ഭാരവാഹികൾക്കും, കുടുംബാംഗങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
4) എഡിറ്റോറിയൽ ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.
5) ഉത്തരത്തോടൊപ്പം അയയ്ക്കുന്ന ആളിന്റെ പേരും, മേൽ വിലാസവും, ടെലഫോൺ നമ്പറും ഉൾപ്പെടുത്തേണ്ടതാണ്
6) നിങ്ങളുടെ ഉത്തരങ്ങൾ 2014 ജനുവരി 31-നു മുൻപായി "ചീഫ് എഡിറ്റർ, യൂത്ത് വോയ്സ്, പി. ബി. നമ്പർ 834, മനാമ എന്ന വിലാസത്തിൽ അയയ്ക്കുകയോ, പള്ളി ഓഫീസിൽ എത്തിക്കുകയോ ചെയ്യുവാൻ താൽപര്യപ്പെടുന്നു.

Charity


Koinonia

Gift of Life from the heart


2013

# കൊയ്നോണിയ-2013

## പുതുജീവിതത്തിലേക്ക്...




Harsha. K — 1 year | Anjana. R — 1 year | Jasline. J — 5 years



Adithyan — 3 years | Adithyan S — 6 months | Aisha Thasni — 2 years | Akash Vineesh — 2 years | Amithra — 6 months | Ananya — 2.5 years | Annmary — 1. 3 years | Rosemary — 1. 3 years



Aromal — 4.5 years | Chinju C.K — 20 years | Chirsteena Abraham — 2 years | Christy — 11 Years | Christy Philip — 18 years | Emmanuel T — 1 Year | Jinsha Abraham — 14 years | Jomol Jacob — 4.5 years



mol Mariyam Joy — 19 years | Jude Thomas — 3 years | Karthika manoj — 5 Years | Krishnajith — 6 months | Krishnapriya — 8 years | Jobin Thomas — 1 Year | Nivin shaji — 1 year | Renjeesh Raghu — 13 years



Rincy Sajeev — 6 years | Milan mathew — 3 years | Sethulakshmi — 7 months | Shifa Fathima — 5 months | Subin Varghese — 3 years | Ansil Shanif — 2 Years | Vrinda Vinod — 8 years | Theertha Prasad — 5 Years



Sunu P Mathew — 18 years | Anusree — 3 years | Ashik. S — 2 years | D/o Sruthy — 28 Days | Sneha — 2 years | Varun K.V — 4 years | Teena Abraham — 7 years | Shinta. M — 8 years

# Office Bearers for the Year - 2014



Rev. Fr. Varghese Yohannan
President



Biju Thankachan
Secretary



John Raju
Treasurer



Shiju K. Oommen
Joint Secretary



Christy P. Varghese
Ex-Officio



Saji Chacko
Comm. Member



Vipin Thomas
Comm. Member



Siju George
Comm. Member




Robin T. Varghese
Comm. Member



Binu Veliyil
Internal Auditor

YOUTH VOICE



Lijo Thuruthel
Chief Editor



Jeemson P
Editor



Samji Samuel
Editor

Thanks

# നന്ദി... നന്ദി... ഒരായിരം നന്ദി....

ബഹറിൻ സെന്റ് തോമസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ വാർത്താ പത്രികയായ 'യൂത്ത് വോയ്സ്' പ്രസിദ്ധീകരണത്തിന്റെ 12 വർഷങ്ങൾ പിന്നിടുകയാണ്...........

2013-ലെ യൂത്ത് വോയ്സിന്റെ പ്രസിദ്ധീകരണത്തിനു സഹായിച്ചവരും, സഹകരിച്ചവരും വളരെയേറെയാണ്...... അറിവിന്റെ ആവനാഴിയിലെ അക്ഷരശരങ്ങൾ ആത്മീയതയുടെ നിറത്തിൽ ചാലിച്ചെഴുതി, ഈ 'യുവശബ്ദം' മനോഹരമാക്കിത്തീർത്ത പ്രസ്ഥാനത്തിലെ സഹപ്രവർത്തകർ...... പിന്തുണയുമായി തെറ്റും ശരിയും ചൂണ്ടിക്കാണിച്ച് എക്കാലവും ഞങ്ങളോടൊപ്പം നിന്നവർ.,,,,.........

കത്തീഡ്രൽ വികാരിയും പ്രസിഡണ്ടുമായ ബഹു. വർഗീസ് യോഹന്നാൻ വട്ടപ്പറമ്പലച്ചൻ, മുൻ വികാരി ബഹു. ജേക്കബ്ബ് കോശിയച്ചൻ, വൈസ് പ്രസിഡണ്ട് ശ്രീ. ബിനു എം. ഈപ്പൻ, സെക്രട്ടറി ഷിബു സി. ജോർജ്, ദൃശ്യങ്ങൾ ഒപ്പിയെടുത്ത ശ്രീ. ഡിജു ജോൺ, ക്രിസ്റ്റി പി. വർഗീസ്, പ്രസ്ഥാനത്തിലെ മറ്റ് ഭാരവാഹികൾ, സഹപ്രവർത്തകർ.......

ആദ്യ ലക്കം കവർ പേജ് രൂപ കല്പന ചെയ്ത ശ്രീ. ബിനു വേലിയിൽ, രണ്ടും മൂന്നും ലക്കങ്ങൾക്ക് രൂപ ഭംഗി നൽകിയ ശ്രീ. ജാഷൻ സൈമൺ, വർണ്ണ ചിത്രമുദ്രണം ചെയ്തു സഹായിച്ച നജാ പ്രസ്, യൂണിയൻ പ്രസ്, പ്രസിദ്ധീകരണത്തിന് ആവശ്യമായ പരസ്യങ്ങൾ തന്നു സഹായിച്ച സ്ഥാപനങ്ങൾ, ഉപകാരസ്മരണകൾ തന്ന് സഹായിച്ച വ്യക്തികൾ, വിജയത്തിനായി സഹായിച്ച ശ്രീ. ആന്റണി ആന്റണി, ബിനു പാപ്പച്ചൻ, ഷിജു കെ. ഉമ്മൻ.....


അതിലുപരി ഈ 'യുവശബ്ദം' സ്നേഹപൂർവ്വം ഹൃദയത്തോടു ചേർത്തു വെച്ച നല്ലവരായ ഇടവകാംഗങ്ങൾ.......... ഏവർക്കും നന്ദി.

പൂർണ്ണതയിലെത്തി എന്നവകാശപ്പെടുന്നില്ലെങ്കിലും, പുതിയതായി എഴുതി തയ്യാറാക്കിയ യൂത്ത്വോയ്സിന്റെ നിയമാവലിക്കുള്ളിൽ നിന്നു കൊണ്ട് സമയബന്ധിതമായും വ്യത്യസ്തമായും ചെയ്യുവാൻ സാധിച്ചു എന്നതിൽ വായനക്കാരായ നിങ്ങളോടൊപ്പം ഞങ്ങളും സന്തോഷിക്കുന്നു.

ഏവർക്കും സ്നേഹം നിറഞ്ഞ ക്രിസ്തുമസ്, പുതുവത്സരാശംസകൾ നേർന്നു കൊണ്ട്,

**എഡിറ്റോറിയൽ ബോർഡ്**

**യൂത്ത് വോയ്സ് 2013**











With Best Compliments
Adv. V.K. Thomas
Managing Partner
P.O.Box 2283, Manama, Kingdom of Bahrain
Mob: 973 3944256, Office + 973 17716109, Fax : 973 17716189
THOMAS & ASSOCIATES
ഏവർക്കും അനുഗ്രഹപ്രദമായ ക്രിസ്തുമസും
ഐശ്വര്യ സമ്പൂർണ്ണമായ പുതുവർഷവും............
ഏദൻസ്
അലക്കുഴി, കൊട്ടാരക്കര
MERRY CHRISTMAS


AMAD GROUP
OF COMPANIES
BAHRAIN | SAUDI ARABIA
AMAD BAEED ELECTRICAL W.L.L
JANOOB AL GHARBI EST.
ASCON CONTROL W.L.L
AMAD AL BAEED TRADING EST.
ASCON CONTROL CO. LTD.
ASIA ARAB CONTRACTING EST.
BEST WORLD TRADING EST.
CONVEX TRADING EST.
An ultimate solution for your Electrical & Industrial Needs
SUPPLY OF ELECTRICAL MATERIALS | GRADE-1 ELECTRICAL CONTRACTING |
MANUFACTURING OF PANEL BOARDS & SWITCHGEARS
PO BOX: 70139, KINGDOM OF BAHRAIN, TEL: (973) 17456590, FAX: (973) 17456591
EMAIL: info@amadbaeed.com, WEB: www.amadbaeed.com